പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -866 30.06.2011 ൽ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ .ഡോ.ടി.എം. തോമസ് ഐസക്ക്<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ പുരുഷൻ കടലുണ്ടി<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഗ്രാമീണ റോഡുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ വർഷം ഒറ്റത്തവണ അറ്റകുറ്റപ്പണികൾക്കായി സർക്കാർ അനുമതി ലഭിക്കുകയും അതനുസരിച്ച് തീരെ മോശമായ ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

(ബി) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ഈ കാര്യത്തിൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തായിരുന്നു; അതിൻ പ്രകാരം മുൻ സർക്കാർ തയ്യാറാക്കിയ പരിപാടി നടപ്പിലാക്കുന്നുണ്ടോ?

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ 4.5 ശതമാനവും 2012-13 സാമ്പത്തിക വർഷത്തിൽ 5 ശതമാനവും തുടർന്നുള്ള മൂന്നു വർഷങ്ങളിൽ 5.5 ശതമാനവും സംരക്ഷണ ഫണ്ടായി നൽകണമെന്നും, ഈയിനത്തിൽ 2011-12 വർഷം 793 കോടി രൂപ നീക്കിവയ്ക്കണമെന്നും നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ 2/3 ഭാഗം റോഡ് സംരക്ഷണത്തിനായി വകയിരുത്തണം. പൊതുവിഭാഗത്തിൽ അനുവദിക്കുന്ന വികസന ഫണ്ടിന്റെ 40% തുകയെങ്കിലും പശ്ചാത്തല മേഖല വികസനത്തിനായി ഉപയോഗിക്കുന്നതിന് ഗ്രാമീണ തദ്ദേശ സർക്കാരുകളെ അനുവദിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. റോഡ് പണികൾക്കായി വികസന ഫണ്ടിൽ നിന്നും, സംരക്ഷണ ഫണ്ടിൽ നിന്നും പണം ഉപയോഗിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ താഴെ പറയുംപ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

I) നാട്പാക്കിന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി എല്ലാ ജില്ലകളിലും കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണ്. റോഡുകളുടെ അതിർത്തി നിർണയത്തിൽ പശ്ചിമബംഗാൾ ഗ്രാമവികസന ഏജൻസിയുടെ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി അവരുമായി നാട്പാക് ഒരു കരാറിൽ ഏർപ്പെടണം.

II) ടാർ-കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണത്തിനോ വികസനത്തിനോ മാത്രമേ വികസന ഫണ്ടും സംരക്ഷണഫണ്ടും ഉപയോഗിക്കാവൂ. ലോക്കൽ ഗവൺമെന്റുകളുടെ തനത് ഫണ്ടോ അല്ലെങ്കിൽ എം.ജി. എൻ.ആർ.ജി.എസ്/എസ്.യു.ഇ.ജി.എസ് തുടങ്ങിയ പദ്ധതികളോ ഉപയോഗിച്ചു വേണം ചെമ്മണ്ണ് പാതകൾ നിർമ്മിക്കേണ്ടത്.

III) ഒരു റോഡ് പണി ഒരിക്കൽ തുടങ്ങിയാൽ എല്ലാ അർത്ഥ ത്തിലും അത് പൂർത്തീകരിച്ചതിനു ശേഷം മാത്രമേ അടുത്ത റോഡ് പണി ഏറ്റെടുക്കാവൂ.

IV) റോഡുകളുടെ ഈട് ഉറപ്പു വരുത്തുന്നതിന് വേണ്ട ഉന്നത ഗുണനിലവാര ഘടകങ്ങളും വ്യക്തമായ നിർദ്ദേശങ്ങളും തദ്ദേശസ്വയഭരണ വകുപ്പ് നൽകേണ്ടതാണ്.

(V) പി.എം.ജി.എസ്.വൈ-യുടെ കാര്യത്തിൽ എന്നതുപോലെ എഞ്ചിനീയറിംഗ് കോളേജുകളുടെയും പോളിടെക്നിക്കുകളുടേയും പങ്കാളിത്തത്തോടെ മൂന്നാം കക്ഷി ഗുണനിലവാരം ഉറപ്പുവരുത്തൽ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

VI) പ്രളയക്കെടുതി ബാധിച്ച റോഡുകളുടെ അറ്റകുറ്റപ്പണിയ്ക്കായി ദുരന്ത നിവാരണ ഫണ്ട് അനുവദിക്കുമ്പോൾ ലോക്കൽ ഗവൺമെന്റുകളുടെ നിയന്ത്രണത്തിലുള്ള റോഡുകൾക്ക് ആനുപാതിക വിഹിതം നൽകേണ്ടതാണ്.

കമ്മീഷൻ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റോഡുകളുടെ സംരക്ഷണത്തിനായി 528.52 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 2011 ജൂൺമാസം വരെയുള്ള മൂന്നുമാസങ്ങളിലെ ഗഡുക്കൾ ഇതിനകം അനുവദിച്ചിട്ടുമുണ്ട്.

Sharnh

സെക്ഷൻ ഓഫീസർ